SUNDAY LIGHT
സൺഡേ ലൈറ്റ്
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തതിന് സഹായിക്കുന്ന ലഘുലേഖ
15 ആഗസ്റ്റ് 2023

# പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണ തിരുനാൾ



**ഭാരതീയരായ** ക്രിസ്ത്യാനികൾക്ക് ഇന്ന് ഇരട്ടി മധുരമാണ്. ഭാരതത്തിന്റെ 76 സ്വാതന്ത്ര്യദിനം ഇന്ന് നാം ആഘോഷിക്കുന്നു ഒപ്പം നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗാരോപണ തിരുനാളും. ഒത്തിരി സ്വാതന്ത്രസമര നായകരുടെ കഠിനാദ്ധ്വാനമാണ് നമുക്ക് സ്വാതന്ത്ര്യം സമ്മാനിച്ചതെങ്കിൽ, പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വയം സമർപ്പണമാണ് നമുക്ക് ഈശോയെ സമ്മാനിച്ചത്. പൊതുവേ എല്ലാവർക്കും ഒരു തെറ്റിദ്ധാരണയുണ്ട് നാം ആഗ്രഹിക്കുന്നത് എന്തും ചെയ്യുക എന്നതാണ് സ്വാതന്ത്ര്യം എന്ന്. എന്നാൽ യഥാർത്ഥ സ്വാതന്ത്ര്യം എന്നു പറയുന്നത് ദൈവത്തിന്റെ ഇഷ്ടത്തോട് നമ്മുടെ ഇഷ്ടം ചേർത്തുവയ്ക്കുന്നതാണ്. ഏദൻ തോട്ടത്തിൽ ആദിമാതാപിതാക്കൾ അനുഭവിച്ചിരുന്ന സ്വതന്ത്ര്യം അവസാനിക്കുന്നത് അവർ ദൈവഹിതത്തിന് വിപരീതമായി പെരുമാറുമ്പോഴാണ്. ദൈവത്തിന്റെ ഇഷ്ടത്തിന് എതിരായി പ്രവർത്തിക്കുമ്പോൾ അവർ പാപത്തിന് അടിമയും മരണത്തിന് വിധേയരും ആകുന്നു. അതുകൊണ്ട് നമുക്ക് നിസംശയം പറയാനാകും, നമ്മുടെ സ്വാതന്ത്ര്യം ആരംഭിക്കുന്നത്, ദൈവത്തിന്റെ ഇഷ്ടത്തോട് നമ്മുടെ ഇഷ്ടം ചേർത്തുവയ്ക്കുമ്പോഴാണെന്ന്. പരിശുദ്ധകമറിയത്തിന്റെ ജീവിതം തന്നെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇതാ കർത്താവിന്റെ ദാസി എന്ന് പറഞ്ഞുകൊണ്ട് പരിശുദ്ധ കന്യകാമറിയം ദൈവത്തിന്റെ ഇഷ്ടത്തോട് സമ്മതം മൂളുമ്പോൾ, ദൈവമക്കളുടെ വലിയ സ്വാതന്ത്ര്യത്തിലേക്കുള്ള വഴി നമ്മുക്ക് കാണിച്ചുതരുകയായിരുന്നു. ദൈവത്തിന്റെ ഇഷ്ടത്തോട് നമ്മുടെ ഇഷ്ടം ചേർത്തുവയ്ക്കുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ആരംഭം എങ്കിൽ സ്വാതന്ത്ര്യത്തിന്റെ അവസാനം എവിടെയാണ്? അതായത്, എന്റെ സ്വാതന്ത്ര്യം എവിടെയാണ് അവസാനിക്കുക? ഉത്തരം ലളിതമാണ്. എപ്പോഴാണോ ദൈവഹിതത്തിന്, ദൈവത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമായി ഞാൻ പ്രവർത്തിക്കാൻ ആരംഭിക്കുന്നുവോ അവിടെയാണ് എന്റെ സ്വാതന്ത്ര്യം അവസാനിക്കുന്നത്. ●

## ആമുഖം

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ മറിയം എലിസബത്തിനെ സ്തുതിക്കുമ്പോൾ അവളും അവളുടെ ഉള്ളിലെ ശിശുവും പരിശുദ്ധാത്മാവിനാൽ നിറയുന്നു. പ്രാർത്ഥനയും പ്രവർത്തനവും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. പ്രാർത്ഥനയുടെ മറവിൽ പ്രവർത്തിക്കാതിരിക്കുന്നതും പ്രവർത്തനത്തിന്റെ മറവിൽ പ്രാർത്ഥിക്കാതിരിക്കുന്നതും കാപട്യമാണ്. പരിശുദ്ധാത്മാവ് നിറഞ്ഞപ്പോൾ മാതാവ് എലിസബത്തിനെ ശുശ്രൂഷിക്കാൻ തിടുക്കത്തിൽ യാത്രചെയ്യുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ഉള്ളിൽ ആത്മാവ് നിറയുമ്പോൾ പ്രാർത്ഥിക്കാതിരിക്കാനോ പ്രവർത്തിക്കാതിരിക്കാനോ സാധിക്കില്ല. അങ്ങനെ നമ്മൾ പോകുന്ന ഇടങ്ങളിലും സമീപിക്കുന്ന വ്യക്തികളിലും ആത്മാവ് വർഷിക്കപ്പെടുകയും ചെയ്യും.

## ഒന്നാം വായന

**വെളിപാടിന്റെ പുസ്തകത്തിൽ നിന്ന്**

(11:19,12:1-6,10a,10b)

*((സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കിയ ഒരു സ്ത്രീ))*

സ്വർഗത്തിൽ ദൈവത്തിന്റെ ആലയം തുറക്കപ്പെട്ടു. അതിൽ അവിടുത്തെ വാഗ്ദാനപേടകം കാണായി. മിന്നൽപിണരുകളും ഘോഷങ്ങളും ഇടിമുഴക്കങ്ങളും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി. സ്വർഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു: സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം. അവൾ ഗർഭിണിയായിരുന്നു. പ്രസവവേദനയാൽ അവൾ നില വിളിച്ചു. പ്രസവക്ലേശത്താൽ അവൾ ഞെരുങ്ങി. സ്വർഗത്തിൽ മറ്റൊരടയാളം കൂടി കാണപ്പെട്ടു. ഇതാ, അഗ്നിമയനായ ഒരുഗ്രസർപ്പം. അതിനു ഏഴു തലയും പത്തു കൊമ്പും. തലകളിൽ ഏഴു കിരീടങ്ങൾ. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വാരിക്കൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു. ആ സ്ത്രീ പ്രസവിക്കുന്ന കുഞ്ഞിനെ വിഴുങ്ങാൻ സർപ്പം അവളുടെ മുമ്പിൽ കാത്തുനിന്നു. അവൾ ഒരാൺകുട്ടിയെ പ്രസവിച്ചു. സകല ജനപദങ്ങളെയും ഇരുമ്പുദണ്ഡുകൊണ്ട് ഭരിക്കാനുള്ളവനാണ് അവൻ. അവളുടെ ശിശു ദൈവത്തിന്റെയും അവിടുത്തെ സിംഹാസനത്തിന്റെയും അടുത്തേക്ക് സംവഹിക്കപ്പെട്ടു. ആ സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി. അവിടെ ആയിരത്തിയിരുന്നൂറ്റിയറുപതു ദിവസം അവളെ പോറ്റുന്നതിനു ദൈവം സജ്ജമാക്കിയ ഒരു സ്ഥലമുണ്ടായിരുന്നു. സ്വർഗത്തിൽ ഒരു വലിയ സ്വരം വിളിച്ചു പറയുന്നതു ഞാൻ കേട്ടു: ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവിടുത്തെ അഭിഷിക്തന്റെ അധികാരവും ആഗതമായിരിക്കുന്നു. എന്തെന്നാൽ, നമ്മുടെ സഹോദരരെ ദുഷിക്കുകയും രാപകൽ ദൈവസമക്ഷം അവരെ പഴിപറയുകയും ചെയ്തിരുന്നവൻ വലിച്ചെറിയപ്പെട്ടു.

കർത്താവിന്റെ വചനം

## പ്രതിവചന സങ്കീർത്തനം

(സങ്കീ 45:9,10,11,14,15)

**നിന്റെ വലതുഭാഗത്ത് ഓഫീർസ്വർണ്ണം അണിഞ്ഞ രാജ്ഞി നിൽക്കുന്നു.**

നിന്റെ വലത്തുവശത്ത് ഓഫീർ സ്വർണം അണിഞ്ഞ രാജ്ഞി നിൽക്കുന്നു.

**നിന്റെ വലതുഭാഗത്ത്......**

മകളേ, കേൾക്കുക, ചെവിചായിച്ചു ശ്രദ്ധിക്കുക; നിന്റെ ജനത്തെയും പിതൃഭവനത്തെയും മറക്കുക.

**നിന്റെ വലതുഭാഗത്ത്......**

അപ്പോൾ രാജാവു നിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനാകും, അവൻ നിന്റെ നാഥനാണ്.

**നിന്റെ വലതുഭാഗത്ത്......**

ആഹ്ളാദഭരിതരായി അവർ രാജകൊട്ടാരത്തിൽ പ്രവേശിക്കുന്നു.

**നിന്റെ വലതുഭാഗത്ത്......**

## രണ്ടാം വായന

**വി. പൗലോസ് അപ്പസ്തോലൻ കോറിന്തോസു കാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ നിന്ന്**
(15:20-26)

*(ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്റെ ആഗമനത്തിൽ അവനുള്ളവരും.)*

സഹോദരരേ, നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു. ഒരു മനുഷ്യൻ വഴി മരണം ഉണ്ടായതുപോലെ ഒരു മനുഷ്യൻ വഴി പുനരുത്ഥാനവും ഉണ്ടായി. ആദത്തിൽ എല്ലാവരും മരണാധീനർ ആകുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും. എന്നാൽ, ഓരോരുത്തരും താന്താങ്ങളുടെ ക്രമമനുസരിച്ചായിരിക്കും. ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്റെ ആഗമനത്തിൽ അവനുള്ളവരും. അവൻ എല്ലാ ഭരണവും അധികാരവും ശക്തിയും നിർമാർജനം ചെയ്ത് രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോൾ എല്ലാറ്റിന്റെയും അവസാനമാകും. എന്തെന്നാൽ, സകല ശത്രുക്കളെയും തന്റെ പാദസേവകരാക്കുന്നതു വരെ അവിടുന്നു വാഴേണ്ടിയിരിക്കുന്നു. മരണമെന്ന അവസാന ശത്രുവും നശിപ്പിക്കപ്പെട്ടിരിക്കുന്നു.

കർത്താവിന്റെ വചനം

## അല്ലേലൂയാ

അല്ലേലൂയാ!
പരിശുദ്ധ മറിയം സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു.
മാലാഖവൃന്ദങ്ങൾ ആനന്ദത്തിലാറാടുന്നു.
അല്ലേലൂയാ!

## സുവിശേഷം

**ലൂക്കായുടെ വി. സുവിശേഷത്തിൽ നിന്നുള്ള വായന** (1:39-56)

*(ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു; എളിയവരെ ഉയർത്തി.)*

ആ ദിവസങ്ങളിൽ, മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്രപുറപ്പെട്ടു. അവൾ സഖറിയായുടെ വീട്ടിൽ




പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ, നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി.

മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെനാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു; ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു; എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി; സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു. തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചുതന്നെ. മറിയം അവളുടെകൂടെ മൂന്നു മാസത്തോളം താമസിച്ചു. പിന്നെ വീട്ടിലേക്കു മടങ്ങി.

കർത്താവിന്റെ സുവിശേഷം

## വിശ്വാസികളുടെ പ്രാർഥന

**കാർമികൻ:** പ്രിയ സഹോദരരേ, നിരന്തരം നമ്മുടെ മേൽ കരുണ ചൊരിയുന്ന സ്നേഹ പിതാവിന്റെ മുമ്പിൽ പരിശുദ്ധ അമ്മയെ പോലെ എളിമയോടെ ദൈവഹിതം തിരിച്ചറിഞ്ഞ് നമ്മുടെ പ്രാർത്ഥനകൾ സമർപ്പിക്കാം.

1. സർവ്വശക്തനും പരമ കാരുണ്യവാനുമായ ദൈവമേ, സഭയെ നയിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയേയും ഞങ്ങളുടെ (അതി)രൂപതാധ്യക്ഷൻ .................പിതാവിനെയും ഇടവക വികാരി .......................... അച്ചനെയും ബലിവേദിയിലായിരിക്കുന്ന എല്ലാ വൈദികരേയും സിസ്റ്റേഴ്സിനെയും ഇടവകയിലെ എല്ലാ ഭക്ത സംഘടനകളേയും അവിടുത്തെ പരിശുദ്ധാത്മ അഭിഷേകത്താൽ നിറച്ച് അനുഗ്രഹിക്കേണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സമാധാന ദാതാവായ ദൈവമേ, ഞങ്ങളുടെ രാഷ്ട്രത്തെയും എല്ലാ ഭരണാധികാരികളെയും ഈ ബലിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. സമൂഹ നന്മ കാംക്ഷിച്ചുകൊണ്ട് സേവന സന്നദ്ധതയിലും മതസ്വാതന്ത്ര്യത്തിലും സമാധാനത്തിലും ധാർമ്മിക മൂല്യങ്ങളിലും ഊന്നിയുള്ള ഒരു ഭരണം സാക്ഷാത്കരിക്കുവാനുള്ള കൃപ നൽകി എല്ലാ ഭരണാധികാരികളെയും അനുഗ്രഹിക്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സ്നേഹപിതാവായ ദൈവമേ, രാജ്യത്തിന്റെ സ്വാതന്ത്ര്യ ദിനം ആഘോഷിക്കുന്ന ഈ ദിനത്തിൽ മണിപ്പൂരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജാതീയമായ അസമത്വത്തിനും വിവേചനങ്ങൾക്കും പീഡനങ്ങൾക്കും അറുതി വരുത്തി സമാധാനം പുനഃസ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ ഭരണാധികാരികൾക്ക് കൃപാവരം നൽകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ദൈവ പിതാവേ, അവിടുത്തെ പ്രിയ പുത്രന്റെ അമ്മയായ പരിശുദ്ധ കന്യകാമേരിയുടെ നാമധാരികളായ എല്ലാ മേരിമാരെയും സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. പരിശുദ്ധ അമ്മയെ പോലെ അവർ പരിശുദ്ധാത്മാവിൽ നിറഞ്ഞു വിശുദ്ധിയിലും സ്നേഹത്തിലും സമാധാനത്തിലും വർത്തിക്കുവാനും തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അവിടുത്തെ ഇഷ്ടത്തിന് വിധേയപ്പെട്ടു ക്രിസ്തുവിന് സാക്ഷികളായി ജീവിക്കുവാനുമുള്ള അനുഗ്രഹം നൽകണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. സ്നേഹ സ്വരൂപനായ ദൈവമേ, മരണംമൂലം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞു പോയ ഞങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ബന്ധു മിത്രാദികളെയും അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു. ജീവിത നൈരാശ്യത്താലും പല വിധ കാരണങ്ങളാലും അവർ ചെയ്തുപോയ എല്ലാ തെറ്റുകുറ്റങ്ങളും ക്ഷമിച്ച് അവരെ നിത്യ സൗഭാഗ്യത്തിൽ പങ്കുകാരക്കണെമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമികൻ:** നിത്യനായ ദൈവമേ, അങ്ങേ തിരുക്കുമാരന്റെ അമ്മയെപ്പോലെ എന്നും ദൈവത്തിനു കീഴ്‌വഴങ്ങി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ പ്രാർത്ഥനകൾ സദയം സ്വീകരിക്കണമേ. ഞങ്ങളുടെ കർത്താവായ...

KERALAVANI
MEDIA COMMISSION • ARCHDIOCESE OF VERAPOLY
I.S. PRESS ROAD, ERNAKULAM, PH. 6285610318
*സാമൂഹികപരവും സഭാപരവുമായ കൂടുതൽ വാർത്തകളും വീഡിയോകൾക്കും കേരളവാണി യൂട്യൂബ് ചാനൽ Subscribe ചെയ്യുക.*